**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2313** **06-07-2022 - ൽ മറുപടിയ്ക്ക്**

**ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ .പി. കെ. ബഷീർ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലഹരി മരുന്ന് മാഫിയയുടെ പ്രവർത്തനം ശക്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കണ്ടെടുക്കുന്ന കേസുകളുടെ എണ്ണത്തിലും, പിടിച്ചെടുക്കുന്ന മയക്കുമരുന്നുകളുടെ അളവിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | ലഹരി മരുന്ന് മാഫിയയെ അമർച്ച ചെയ്യുന്നതിനും ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) | ലഹരി മരുന്ന് മാഫിയയെ അമർച്ച ചെയ്യുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. ഇതിനായി റെയ്ഞ്ച് ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാ തല കൺട്രോൾ റൂം, സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ, ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. പ്രതികളാകുന്നവരുടെ മൊബൈൽ ഫോൺ പരിശോധിച്ചും മറ്റ് മാർഗ്ഗങ്ങളിലൂടെയും ലഹരിയുടെ ഉറവിടം കണ്ടെത്തി, ആയതിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പ്രതികളെയും നിയമത്തിന്റെ മുന്നിൽ കൊണ്ടു വരുന്നതിനും, പരമാവധി ശിക്ഷ വാങ്ങി കൊടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>കേരളീയ സമൂഹത്തിൽ മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കുമരുന്നിന്റെയും, പുകയില ഉൽപ്പന്നങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിച്ച് ലഹരിമുക്ത കേരളം സാക്ഷാത്ക്കരിക്കുന്നതിനായി രൂപീകരിച്ച വിമുക്തി മിഷൻ മുഖേന വിവിധ വകുപ്പുകളെയും, സംഘടനകളെയും ഏകോപിപ്പിച്ച് ഫലപ്രദമായ രീതിയിൽ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ് |

| | | | |
|---|---|---|---|
| | | | തലത്തിൽ വിമുക്തി വാർഡ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.<br><br>സ്കൂൾ/കോളേജ് തലത്തിലെ പ്രവർത്തനങ്ങൾക്കായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും സ്കൂളുകളിൽ ഉണർവ് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br><br>കേരളത്തിലെ ആദിവാസി മേഖലകളിൽ വിമുക്തിയുടെ നേതൃത്വത്തിൽ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ടി മേഖലകളിൽ കരിയർ ഗൈഡൻസ് ക്ലാസുകൾ, മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസുകൾ, കലാകായിക പരിപാടികൾ എന്നീ പ്രവർത്തനങ്ങളിലൂടെ ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിൽ വരുന്ന ക്യാമ്പസുകളിൽ 'നേർക്കൂട്ടം', ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്നീ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ബോധവൽക്കരണ സ്റ്റാളുകൾ സജ്ജീകരിച്ച് ലഹരിക്കെതിരെയുള്ള സന്ദേശം പ്രചരിപ്പിക്കുന്നുണ്ട്. |
| (സി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ; എന്തെല്ലാം പ്രവർത്തനങ്ങൾക്കായാണ് പ്രസ്തുത തുക ചെലവഴിച്ചതെന്ന് വിശദമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2021-22 സാമ്പത്തിക വർഷത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 818 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുകയിൽ നിന്നും 300 ലക്ഷം രൂപ അന്യത്ര സേവന വ്യവസ്ഥയിൽ ജോലിനോക്കുന്ന വിമുക്തി മാനേജർമാരുടെ ശമ്പള ഇനത്തിൽ വകയിരുത്തിയിട്ടുള്ളതാണ്. ബാക്കിയുള്ള 518 ലക്ഷത്തിൽ 517.95 ലക്ഷം രൂപ ചെലവായതിന്റെ വിശദാംശം ചുവടെ (അനുബന്ധമായി) ചേർത്തിരിക്കുന്നു.<br><br>2022-23 സാമ്പത്തിക വർഷത്തിൽ വിമുക്തി ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 818 ലക്ഷം രൂപ അനുവദിച്ചതിൽ നിന്നും 14 വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകളിലെ ജീവനക്കാരുടെയും, കൗൺസിലർമാരുടെയും വേതനയിനത്തിൽ ആകെ 104.98 ലക്ഷം രൂപ ചെലവായിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| ഇനം | തുക (ലക്ഷത്തിൽ) |
|---|---|
| 14 ഡീ-അഡിക്ഷൻ സെന്ററുകളിലെ ജീവനക്കാരുടെ വേതന ഇനത്തിലും മറ്റും ചെലവായ തുക | 453.12 |
| ആദിവാസി/തീരദേശ മേഖലയിലെ ബോധവൽക്കരണ പ്രവർത്തനത്തിന് ചെലവായ തുക | 2.57 |
| ഡിജിറ്റൽ & സോഷ്യൽ മീഡിയകൾ വഴി പരസ്യ ഇനത്തിൽ ചെലവായ തുക | 18.65 |
| NCC/NSS/SPC, സർക്കാർ വകുപ്പ്, റസിഡന്റ്സ് അസോസിയേഷൻ, വിമുക്തി ക്ലബ്ബ്, മറ്റ് ബോധവൽക്ക-രണ പ്രവർത്തനങ്ങൾക്കായി ചെലവായ തുക | 33.66 |
| അഡ്മിനിസ്ട്രേറ്റീവ് ഓവർഹെഡ്- ലഹരിക്കെതിരെയുള്ള വിവിധ മത്സരങ്ങൾ നടത്തിയത്, വിവിധ പരിപാടികളുടെ ഉദ്ഘാടന ചെലവുകൾ, ലഹരിക്കെതിരെ സന്ദേശമുള്ള ഹ്രസ്വചിത്രങ്ങൾ തയ്യാറാക്കിയ ചെലവുകൾ, ഡി-അഡിക്ഷൻ/കൗൺസിലിംഗ് സെന്ററുകളിലെ ടെലഫോൺ/ വൈദ്യുത ചാർജ്ജുകൾ, നോട്ടീസുകൾ, കൈപുസ്തകങ്ങൾ, ലഘുലേഖകൾ തയ്യാറാക്കിയ ചാർജ്ജുകൾ, ഓൺലൈൻ മീറ്റിംഗിനായി സോഫ്റ്റ് വെയർ വാങ്ങിയ ചാർജ്ജുകൾ തുടങ്ങി വിമുക്തി മിഷന്റെ ഭരണപരമായ വിവിധ ചെലവുകൾ നിർവ്വഹിച്ച വകയിൽ | 9.95 |
| ആകെ | 517.95 |